തൊഴിലാളികൾ സമരം ചെയ്യുമ്പോൾ അവരുടെ സമരം വിജയിക്കാൻ ആവശ്യമായ കാര്യങ്ങളൊക്കെ ചെയ്യും. ബഹുമാനപ്പെട്ട മെമ്പറോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് മുതലാളിമാരോട് നമ്മൾ നിശ്ചയിച്ച കൂലി കൊടുക്കാൻ പറയണം. അതുകൊണ്ട് യാതൊരു നഷ്ടവും വരില്ല.

(8) മാള കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോച്യാവസ്ഥ

ശ്രീ. യു.എസ്. ശശി : സർ, മാള കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോചനീയാവസ്ഥയെക്കുറിച്ചാണ് ഞാൻ ഈ സബ്മിഷനിലൂടെ ഇവിടെ ഉന്നയിക്കുന്നത്. മാള ഡിപ്പോയിൽ 3 ഷെഡ്യൂളുകൾ ഉണ്ടായിരുന്നു. ഇപ്പോൾ 29 ഷെഡ്യൂളുകൾ മാത്രമാണ് ഉള്ളത്. ഗ്യാരേജിലെ സൗകര്യം വളരെ പരിമിതമാണ്. ഒരേ സമയം രണ്ട് ബസ്സുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ മാത്രമാണ് ഈ ഗ്യാരേജിലുള്ളത്. ഡ്രൈവർ, കണ്ടക്ടർ, മെക്കാനിക്ക് ഉൾപ്പെടെയുള്ള ജീവനക്കാർ കുറവായതുകൊണ്ട് ഉള്ള ഷെഡ്യൂളുകൾ പൂർണ്ണമായി ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്നില്ല. നിർത്തൽ ചെയ്ത ഷെഡ്യൂളുകൾ പുനരാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. കൃത്യമായി ഓടുന്ന ഷെഡ്യൂളുകൾക്ക് ഏറ്റവും ചുരുങ്ങിയത് 3000-3500 രൂപ വരെ വരുമാനം മാള ഡിപ്പോയിൽ നിന്നും ഓടുന്ന ബസ്സുകളിൽ നിന്നും കിട്ടുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ വരുമാനമുള്ള ഡിപ്പോകളിൽ ഒന്നാണ് മാള ഡിപ്പോ. ആ ഡിപ്പോയിൽ ഷെഡ്യൂളുകൾ കൃത്യമായി ഓപ്പറേറ്റ് ചെയ്യാനുള്ള തടസ്സം ഗ്യാരേജിന്റെ സ്ഥലസൗകര്യമില്ലായ്മയാണ്. ഡിപ്പോ തുടങ്ങിയ സമയത്ത് ഉണ്ടായിരുന്ന ഷെഡ്യൂളുകൾ പൂർണ്ണമായും പുനഃസ്ഥാപിക്കാൻ ആവശ്യമായ നടപടികൾ മന്ത്രിയുടെ ഭാഗത്തുനിന്നും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിത ദാസൻ നാടാർ) : സർ, 17.8.1986-ൽ 30 ഷെഡ്യൂളുകളോടെയാണ് മാള സബ് ഡിപ്പോ ആരംഭിച്ചത്. തുടർന്ന് താൽക്കാലികമായി പരീക്ഷണാടിസ്ഥാനത്തിൽ കുറെ സർവ്വീസുകൾ ആരംഭിച്ചുവെങ്കിലും വരുമാനം കുറവായതിനാൽ പലതും നിർത്തേണ്ടിവന്നു. വരുമാനം തീരെ കുറവുള്ള സർവ്വീസുകളും ദേശസാൽകൃത മേഖലയല്ലാത്ത സർവ്വീസുകളുമാണ് ഇപ്രകാരം നിർത്തിയിട്ടുള്ളത്. ഇപ്പോൾ മാള ഡിപ്പോയിൽ 29 ഷെഡ്യൂളുകളാണ് ഉള്ളത്. ഇതിനായി 32 ബസ്സുകളും നൽകിയിട്ടുണ്ട്. എന്നാൽ ഇവയിൽ കുറച്ചു ബസ്സുകൾ അറ്റകുറ്റപ്പണികൾക്കായും സി.എഫ്. മുതലായ കാര്യങ്ങൾക്കായും മാറ്റി ഇടേണ്ടിവന്നിട്ടുണ്ട്. മാത്രമല്ല ജീവനക്കാരുടെ കുറവും അനുഭവപ്പെടുന്നുണ്ട്. കുറവുള്ള ഡ്രൈവർമാരെയും മെക്കാനിക്കൽ വിഭാഗം ജീവനക്കാരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം നടത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മാള യൂണിറ്റിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമ്പത്തികനില മെച്ചപ്പെടുന്നതനുസരിച്ച് മാത്രമേ ഗ്യാരേജിന്റെയും മറ്റും സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾ കെ.എസ്.ആർ.ടി.സി.യിൽ ആകെ 3801 ഷെഡ്യൂളുകൾ ഉണ്ട്. ഇതിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡം അനുസരിച്ച് 4260 ബസ്സുകൾ ആവശ്യമാണ്. എന്നാൽ 3940 ബസ്സുകളേ കൈവശമുള്ളൂ. അവയിൽ തന്നെ 398-ഓളം ബസ്സുകൾ അറ്റകുറ്റപ്പണികൾക്കും സി.എഫ്. പണികൾക്കുമായിട്ട് നിർത്തിയിടേണ്ടി വന്നിട്ടുണ്ട്. അതുമൂലം കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള യൂണിറ്റുകളിൽ സർവ്വീസ് ഓപ്പറേഷനിൽ ബുദ്ധിമുട്ട് ഉണ്ടാകാറുണ്ട്. പുതിയ

LIBRARY ARCHIVES Kerala Legislative Assembly

ബസ്സുകൾ നിരത്തിലിറക്കിയാൽ മാത്രമേ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കാൻ കഴിയുകയുള്ളൂ. ഓരോ വർഷവും ആയിരം ബസ്സുകൾ വീതം നിരത്തിലിറക്കണമെന്ന് നിശ്ചയിച്ചിരുന്നുവെങ്കിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 1226 ബസ്സുകൾ മാത്രമേ ഇറക്കാൻ കഴിഞ്ഞിട്ടുള്ളൂ. കോർപ്പറേഷന്റെ വികസനത്തിനാവശ്യമായ പണം കണ്ടെത്താനുള്ള അന്വേഷണത്തിലാണ്. ഹഡ്കോയും കോ-ഓപ്പറേറ്റീവ് ബാങ്കുകളും പണം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. പ്രവർത്തനത്തിനാവശ്യമായ പണം കണ്ടെത്തുന്നതോടെ പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും സ്പെയർ പാർട്സുകൾ ആവശ്യമുള്ള സമയത്ത് തന്നെ എത്തിക്കാനും കഴിയും. എന്നാൽ മാത്രമേ കാര്യക്ഷമമായി സർവ്വീസ് നടത്താൻ കഴിയുകയുള്ളൂ.

(9) കോന്നി ആനക്കൂടിനോട് അനുബന്ധിച്ച് നിർമ്മിക്കുന്ന ചിൽഡ്രൻസ് പാർക്കിന്റേയും സുവോളജിക്കൽ പാർക്കിന്റേയും പണി പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. അടൂർ പ്രകാശ് : സർ, എന്റെ നിയോജക മണ്ഡലത്തിൽ കോന്നി ആനക്കൂടിനോട് അനുബന്ധിച്ച് നിർമ്മിക്കുന്ന ചിൽഡ്രൻസ് പാർക്കിന്റേയും സുവോളജിക്കൽ പാർക്കിന്റേയും പണി ആരംഭിച്ചത് 98-ലാണ്. അതിന്റെ പണി ആരംഭിക്കാൻ വേണ്ടിയുള്ള മീറ്റിംഗ് 23.12.1995-ൽ കൂടിയിരുന്നു. അതിന്റെ പ്രൊസീഡിംഗ്സ് - "A meeting of the Tourism Department as well as Forest Department was convened on 23-12-1995 by the District Collector, Pathanamthitta, which was attended by Shri P.K. Raghavan Nair, IFS, Chief Conservator of Forests/ Conservator Protection and Shri. K.V. Mohanlal, IFS, Additional Director."..... തുടങ്ങിയ ആളുകൾ പങ്കെടുത്തുകൊണ്ട് അതിന്റെ പണികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്ന് തീരുമാനിക്കുകയുണ്ടായി. പക്ഷെ 98-ലാണ് അതിന്റെ പണികൾ ആരംഭിച്ചത്. ഇപ്പോൾ ആ പണി നിർത്തിവച്ചിരിക്കുകയാണ്. അത് നിർത്തിവയ്ക്കാനുള്ള കാരണം പറഞ്ഞിരിക്കുന്നത് വനംവകുപ്പിന്റെ അനുമതി ലഭ്യമാക്കണമെന്ന നിബന്ധന പറഞ്ഞുകൊണ്ടാണ്. അതുപോലെതന്നെ എന്റെ നിയോജകമണ്ഡലത്തിൽ തന്നെ കലഞ്ഞൂർ പഞ്ചായത്തിലെ പോത്തുപ്പാറ പ്രദേശത്തും അതുപോലെ അരുവാപ്പുലം പഞ്ചായത്തിലെ കൊക്കത്തോട് പ്രദേശത്തും വൈദ്യുതി എത്തിക്കാൻ വേണ്ടിയുള്ള നടപടികൾ 93 മുതൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇതുവരെയും അത് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. പല നിയമങ്ങളുടെയും നൂലാമാലകളിൽ കുടുങ്ങി പണികൾ ആരംഭിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട്. എത്രയും പെട്ടെന്ന് അതിന്റെ പണികൾ പൂർത്തിയാക്കാനും ആ പ്രദേശത്ത് വികസനപരമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഈ തടസ്സങ്ങൾ മാറ്റിക്കിട്ടണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിത ദാസൻ നാടാർ) : സർ, പത്തനംതിട്ട ജില്ലയിലെ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ സാമ്പത്തിക സഹായത്തോടുകൂടി ഒരു പാർക്ക് കോന്നി ആനക്കൂട്, കോന്നി ടിംബർ ഡിപ്പോ എന്നിവയുടെ കോമ്പൗണ്ടിൽ നിർമ്മിക്കാൻ പത്തനംതിട്ട ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഒരു ചിൽഡ്രൻസ് പാർക്ക് നിർമ്മാണം ഇതിൽ ഉൾപ്പെടുന്നു. സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണത്തിനുള്ള നിർദ്ദേശം നിലവിലില്ല. വനഭൂമി വനേതര ആവശ്യത്തിന് ഉപയോഗിക്കുന്നതിന് 1980-ലെ വനസംരക്ഷണ നിയമം സെക്ഷൻ 2 പ്രകാരമുള്ള കേന്ദ്രാനുമതി ആവശ്യമാണ്. ഇതിനായി പെർഫോമയും മറ്റ് വിശദവിവരങ്ങളും സമർപ്പിക്കുന്നതിന് കോന്നി ഡിവിഷണൽ

LIBRARY ARCHIVES Kerala Legislative Assembly